بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khutba Khulasa 06.11.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## തഹ്‌രിക്ക് ജദീദ് 87-ാമത് നവവത്സര വിളംബരം

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۲﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۳﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۴﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۵﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۶﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ٪﴿۷﴾

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവക്കുശേഷം ഹുസൂർ തിരുമനസ്സ് താഴെ ചേർക്കുന്ന ആയത്ത് പാരായണം ചെയ്തു:

اَلَّذِيۡنَ يُنۡفِقُوۡنَ اَمۡوَالَهُمۡ بِالَّيۡلِ وَالنَّهَارِ سِرًّا وَّ عَلَانِيَةً فَلَهُمۡ

اَجۡرُهُمۡ عِنۡدَ رَبِّهِمۡ ۚ وَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُوۡنَ ﴿۲۷۵﴾

അതായത് അവർ തങ്ങളുടെ സമ്പത്തിൽ നിന്ന് രാവും പകലും രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നു. അവർക്ക് അവരുടെ നാഥന്റെ പക്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവും ഉണ്ടാകുന്നതല്ല. അവർ വ്യസനിക്കുന്നതുമല്ല. (2:275)

ഹുസൂർ തിരുമനസ്സ് പറയുന്നു: വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ അല്ലാഹു ധനത്യാഗത്തിലേക്ക് സത്യവിശ്വാസികളുടെശ്രദ്ധ ക്ഷണിക്കുന്നുണ്ട്.

ഈ ആയത്തിലും നമുക്ക് അത് കാണാവുന്നതാണ്. സത്യവിശ്വാസികളുടെ ഒരു പ്രത്യേകതയായി പറയുന്നു; സത്യവിശ്വാസി അല്ലാഹുവിന്റെ മാർഗത്തിൽ രാപ്പകൽ ചെലവു ചെയ്തു കൊണ്ടിരിക്കുന്നു. അവർ രഹസ്യമായിട്ടും പരസ്യമായിട്ടും ചെലവ് ചെയ്യുന്നു. അല്ലാഹുവിന്റെ പക്കൽ ഈ രണ്ട് രീതിയും സ്വീകാര്യയോഗ്യമാണ്. അല്ലാഹു മറ്റൊരിടത്ത് പറയുന്നു: ഈ സത്യവിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയാണ്. പറയുന്നു, (2:273) وَمَا تُنۡفِقُوۡنَ اِلَّا ابۡتِغَآءَ وَجۡهِ اللّٰهِ അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയല്ലാതെ അവർ ചെലവഴിക്കുന്നേയില്ല. അതായത് അവരുടെ ലക്ഷ്യം തന്നെ അല്ലാഹുവിന്റെ തൃപ്തി ആകുന്നു. ചുരുക്കത്തിൽ ഒരു യഥാർത്ഥ വിശ്വാസിയുടെ ലക്ഷണം, അയാൾ നന്മകൾ ചെയ്യണമെന്നതും അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ പരിശുദ്ധ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും രാപ്പകൽ നന്മകൾ ചെയ്യാനുള്ള ചിന്തയുണ്ടാകുകയും ചിലപ്പോൾ പരസ്യമായി നന്മകൾ ചെയ്യുകയും ചിലപ്പോൾ രഹസ്യമായി നന്മകൾ ചെയ്യുകയും ചിലപ്പോൾ പരസ്യമായി സാമ്പത്തികത്യാഗം ചെയ്യുകയും ചിലപ്പോൾ രഹസ്യമായി സാമ്പത്തിക ത്യാഗം ചെയ്യുകയും വേണമെന്നാണ്. ഈ ത്യാഗങ്ങളാണ് അല്ലാഹുവിന്റെ പക്കൽ സ്വീകൃതമാകുന്നത്. പക്ഷേ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ലക്ഷ്യമായിരിക്കണം ഉണ്ടാകേണ്ടത് എന്നതാണ് നിബന്ധന. പ്രകടനാത്മകമായ ത്യാഗമാണെങ്കിൽ അത്തരം ത്യാഗങ്ങൾ അല്ലാഹുവിന്റെ സമക്ഷത്തിൽ സ്വീകരിക്കപ്പെടുകയില്ല. ഈ അന്തസത്തയെ മുൻനിർത്തി കൊണ്ട് ഒരു സത്യവിശ്വാസി ത്യാഗങ്ങൾ ചെയ്യേണ്ടതാണ്. ഈ അന്തസത്തയെ മുൻനിർത്തിക്കൊണ്ട് തന്നെയാണ് ജമാഅത്ത് അംഗങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗങ്ങൾ ചെയ്യുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ സന്ദർഭത്തിൽ, ത്യാഗം ചെയ്യുന്ന ആളുകളുടെ, ത്യാഗം ചെയ്യുന്നതു കൊണ്ട് ഉണ്ടായ അനുഗ്രഹങ്ങൾ അഥവാ സമ്പത്ത് ചിലവഴിക്കുന്നതിന് അവർക്ക് പ്രേരണ ഉണ്ടാകുകയും, പിന്നെ എങ്ങനെയാണ് അവർ അനുഗ്രഹിക്കപ്പെട്ടതെന്നുമുള്ള സംഭവങ്ങളിൽ ചിലത് ഞാൻ കേൾപ്പിക്കാം.

ബയ്അത്ത് ചെയ്തശേഷം ദൈവപ്രീതി കരസ്ഥമാക്കാൻ എങ്ങനെയാണ് ധനത്യാഗത്തിന് ആവേശവും പ്രേരണയും ഉണ്ടാകുന്നത് എന്നതിനെക്കുറിച്ച് അൽബേനിയയിലെ മുബല്ലിഗ് സമദ് സാഹിബ് എഴുതുന്നു; ജൽസാ സാലാന 2020ൽ എന്റെ സമാപന പ്രഭാഷണം ഉണ്ടായിരുന്നു. ജൽസാ സാലാനയുടെ പ്രഭാഷണം ദൈവാനുഗ്രഹങ്ങളെ സംബന്ധിച്ചാണ് ഞാൻ നിർവഹിച്ചത്. അൽബോനിയക്കാരനായ ജാഫർ കോച്ചി സാഹിബ് ഈ പ്രസംഗം കേൾക്കുന്നുണ്ടായിരുന്നു. ഞാൻ അതിൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ച കാര്യവും അനുസ്മരിച്ചിരുന്നു. ആഗസ്റ്റ് വരേയും അദ്ദേഹത്തിന് യാതൊരു വരുമാനവും ഇല്ലായിരുന്നു. മുബല്ലിഗ് സാഹിബിനോട് ചന്ദയുടെ വിശദാംശങ്ങൾ ചോദിച്ചറിഞ്ഞു. അങ്ങനെ രണ്ടാമതും ചന്ദകളെ പറ്റി പരിചയപ്പെടുത്തി. തുടർന്നു പറയുന്നു: ഈമാസം അദ്ദേഹത്തിന്റെ ഫ്ളാറ്റ് വാടകയ്ക്ക് പോയിട്ടുണ്ട്. വാടക കിട്ടിയിരുന്നു. ഈ ആദ്യത്തെ വരുമാനത്തിൽ നിന്ന് തോത് അനുസരിച്ച് അതിനേക്കാളും എത്രയോ അധികം ചന്ദ കൊണ്ടു വന്നു. മുബല്ലിഗ് സാഹിബ് പറഞ്ഞു: ധനത്യാഗം ചെയ്യുന്നവർക്ക് അല്ലാഹു വർദ്ധിപ്പിച്ചു തരുമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള ഉദ്ദേശ്യത്തിലാണ് ചന്ദ നൽകിയത്. ദീനിനുവേണ്ടി ധനത്യാഗം ചെയ്യാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശവും ദീനുവേണ്ടി ധനത്യാഗം ചെയ്യണമെന്നത് ഇസ്‌ലാമിന്റെ കല്പനയും

ആണെന്ന നിയ്യത്തിലാണ് ചന്ദ നൽകുന്നത്. ഇപ്പോൾ അദ്ദേഹം എല്ലാ മാസവും കൃത്യമായി ചന്ദ നൽകുന്നുണ്ട്.
ജർമനിയിലെ വേസ്ബാദൻ എന്ന സ്ഥലത്തെ ഒരു സുഹൃത്ത് പറഞ്ഞു: എന്റെ അസൈലം കേസ് കൈകാര്യം ചെയ്യുന്ന ജഡ്ജി കേസ് പാസാക്കാൻ സമ്മതിക്കാത്ത ആളായിരുന്നു. ആയിരം യൂറോ തഹ്‌രീക് ജദീദിൽ കൊടുക്കാമെന്ന് തീരുമാനിച്ചു. അല്ലാഹുവാകട്ടെ എന്റെ കേസ് ഈ ജഡ്ജിയിൽനിന്ന് മറ്റൊരു ജഡ്ജിന്റെ പക്കലേക്ക് മാറ്റി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേസ് വിജയിച്ചു. അങ്ങനെ അദ്ദേഹം വാഗ്ദാനം ചെയ്ത അത്രയും തുക നൽകുകയുണ്ടായി.
ഖാദിയാനിൽ നിന്ന് വക്കീലുൽമാൽ സാഹിബ് എഴുതുന്നു: കേരളത്തിലെ ജമാഅത്ത് കരുളായിലെ ഒരു സുഹൃത്തിന്റെ തഹ്‌രീക് ജദീദ് ചന്ദ 5 ലക്ഷം രൂപയായിരുന്നു. അദ്ദേഹം കുറച്ചു തുക തന്റെ കച്ചവടത്തിനായി മാറ്റിവെച്ചിട്ടുണ്ടായിരുന്നു. അതേ സമത്ത് തഹ്‌രീക് ജദീദ് ചന്ദ കൊടുക്കാനുള്ള ആഹ്വാനവും ഉണ്ടായി. അദ്ദേഹം ആ തുക ചന്ദയിൽ കൊടുത്തു. ഈ ആത്മാർഥ നിയ്യത്ത് കാരണം അല്ലാഹു അനുഗ്രഹം ചൊരിയുകയും കുറച്ചു സമയം കൊണ്ട് തന്നെ അഡ്വാൻസ് കൊടുക്കാൻ വച്ച തുകയേക്കാളും അധികം തുക ആരോ ഒരാൾ നിന്ന് അക്കൗണ്ടിൽ വരികയും ചെയ്തു. അതേതുടർന്ന് അദ്ദേഹം വളരെ വലിയ തുക തഹ്‌രീക് ജദീദിൽ കൊടുത്തു. ഹുസൂർ തിരുമനസ്സ് മുഴുലോകത്തേയും സാമ്പത്തിക ത്യാഗങ്ങളെ സംബന്ധിച്ചുള്ള നിരവധി സംഭവങ്ങൾ സമർപ്പിച്ചു.
ഹുസൂർ തിരുമനസ്സ് പറയുന്നു; അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്‌രീക് ജദീദിന്റെ 86-ാം വർഷം ഒക്ടോബർ 31 ന് അവസാനിച്ചു. 87-ാം വർഷം ആരംഭിച്ചിരിക്കുന്നു. ഈ വർഷം, ആഗോള അഹ്മദിയ്യാ ജമാഅത്തിന് തഹ്‌രീക് ജദീദിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ ഒരുകോടി 54 ലക്ഷം പൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. ഈ വരവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8,82,000 പൗണ്ട് അധികമാണ്.
ഹുസൂർ തിരുമനസ്സ് ആദ്യത്തെ പത്ത് സ്ഥാനങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു; ഒന്നാംസ്ഥാനത്ത് ജർമ്മനി, പിന്നെ ബ്രിട്ടൻ, തുടർന്ന് അമേരിക്ക ഇതിനിടയിൽ പാകിസ്ഥാനും ഉണ്ട്. അമേരിക്ക മൂന്നാം സ്ഥാനത്താകുന്നു. പിന്നെ കാനഡ തുടർന്ന് മിഡിൽ ഈസ്റ്റിലെ ഒരു രാജ്യം,പിന്നെ ഭാരത് തുടർന്ന് ആസ്ട്രേലിയ ശേഷം ഇന്തോനേഷ്യ പിന്നെ ഘാന തുടർന്ന് മിഡിൽ ഈസ്റ്റിലെ ജമാഅത്ത്.
ഹുസൂർ തിരുമനസ്സ് ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിലെ ആദ്യത്തെ പത്ത് ജമാഅത്തുകളെ കുറിച്ച് പറഞ്ഞു; ഒന്നാം സ്ഥാനത്ത് കോയമ്പത്തൂർ ആകുന്നു. തുടർന്ന് കരുളായി, ഖാദിയാൻ, പത്തപ്പിരിയം, ഹൈദരാബാദ്, കണ്ണൂർ ടൗൺ, കൊൽക്കത്ത, കോഴിക്കോട്, ബാംഗ്ലൂർ, മാത്തോട്ടം.
ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ: കേരളം ഒന്നാം സ്ഥാനത്താകുന്നു. തുടർന്ന് തമിഴ്നാട്, കർണാടക, ജമ്മു-കശ്മീർ, തെലങ്കാന, പഞ്ചാബ്, ഒഡിഷ, ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര. ശേഷം ഹുസൂർ പറഞ്ഞു;അല്ലാഹു അവരുടെ സമ്പത്തിലും ആളുകളിലും സീമാതീതമായ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾ സ്വീകരിക്കട്ടെ. ഇതോടൊപ്പംതന്നെ തഹ്‌രീക് ജദീദിന്റെ 87-ാം വർഷം ആരംഭിച്ചതായി വിളംബരപ്പെടുത്തുകയാണ്. നവംബർ ഒന്നുമുതൽ പുതു വർഷം ആരംഭിച്ചിരിക്കുന്നു.
തുടർന്ന് ഹുസൂർ തിരുമനസ്സ് പറയുന്നു; ഇനി ഞാൻ മറ്റൊരു കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. ഇപ്പോൾ ഒരുപാട് ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. ദുആകളിലേക്ക് ശ്രദ്ധിക്കുക.നമ്മൾ നമുക്ക് വേണ്ടിയും ജമാഅത്തിനു വേണ്ടിയും ദുആ ചെയ്യാറുണ്ട്. മുസ്‌ലിംകൾക്ക് വേണ്ടിയും പൊതുവിൽ ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. ഇന്ന് മുസ്‌ലിംകൾക്കെതിരിൽ അമുസ്‌ലിം ലോകത്തിലെ ചില രാജ്യങ്ങളിലെ നേതാക്കന്മാർ വിദ്വേഷത്തിന്റേയും വെറുപ്പിന്റേയും വികാരമാണ് വച്ചുപുലർത്തുന്നത്. ലോക നേതാക്കന്മാർ ജനാധിപത്യത്തിന്റെ ഇക്കാലത്ത് പൊതു ജനങ്ങളെ ദൈവം ആണെന്ന് കരുതി അവരുടെ ആഗ്രഹങ്ങൾക്ക് അനുസരിച്ച് തങ്ങളുടെ പ്രസ്താവനയും പോളിസിയും ഉണ്ടാക്കാൻ ശ്രമിക്കുന്നു. പൊതുജനങ്ങളിൽ വലിയൊരു ഭാഗം, ഇസ്‌ലാമിനെ പറ്റി ശരിയായ അവബോധം ഇല്ലാത്തതിനാൽ മുസ്‌ലിംകൾക്കെതിരെയാകുന്നു. ഏതായിരുന്നാലും ദുആയും പരിശ്രമവും മുഖേന, ഇസ്‌ലാമിന്റെ യാഥാർഥ്യം എന്താണെന്ന് നമ്മൾ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കണം.
കഴിഞ്ഞ ദിവസം ഫ്രാൻസ് പ്രസിഡണ്ടിന്റെ പ്രസ്താവന വന്നിരുന്നു. ഇസ്‌ലാമിനെ പ്രതിസന്ധിയുടെ ഇരയായ മതമാണെന്ന് വിശേഷിപ്പിച്ചിരിക്കുന്നു. പ്രതിസന്ധിയുടെ ഇരഅവരുടെ തന്നെ മതമാണ്. ഇസ്‌ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവൽ മതമാകുന്നു. വളരുകയും പുഷ്പിക്കുകയും ചെയ്യുന്ന മതമാകുന്നു. അത് വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു. അല്ലാഹു തന്നെ എല്ലാ കാലത്തും അതിന്റെ സംരക്ഷണ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അതിന്റെ പ്രചാരണം ലോകത്തിന്റെ കോണുകളോളം പരന്നുകൊണ്ടിരിക്കുന്നു. യഥാർഥത്തിൽ മുസ്‌ലിംകൾക്കിടയിൽ ഐക്യം ഇല്ലെന്ന് അറിയുന്നതു കൊണ്ടാണ് ഇസ്‌ലാം വിരുദ്ധ ശക്തികളും ആളുകളും ഇത്തരം നീക്കങ്ങൾ നടത്തുന്നത്.
(ഇവിടെ ഹുസൂർ തിരുമനസ്സ് കനേഡിയൻ പ്രധാനമന്ത്രിയെ ശ്ലാഘിച്ച് കൊണ്ട് പറയുന്നു; അദ്ദേഹം ഫ്രഞ്ച് പ്രസിഡണ്ടിന്റെ പ്രസ്താവനയെ തുടർന്ന് നല്ലൊരു പ്രസ്താവന നടത്തിയിരിക്കുന്നു. തുടർന്ന് അദ്ദേഹത്തിനായി ദുആ ചെയ്യുന്നതിലേക്ക് ജമാഅത്തംഗങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു, അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയം കൂടുതൽ വിശാലമാക്കട്ടെ.) മുസ്‌ലിംകൾ ഒന്നാണെന്നും ഒരു ദൈവത്തേയും ഒരു പ്രവാചകനേയും അംഗീകരിക്കുന്നവരാണെന്നും അതിനു വേണ്ടി ത്യാഗം ചെയ്യാൻ അറിയുന്നവരാണെന്നും ലോകത്തിനു മനസ്സിലായാൽ അ മുസ്‌ലിംകൾ ഒരിക്കലും ഇത്തരം കാര്യങ്ങൾ ചെയ്യില്ലാ

യിരുന്നു. ഒരിക്കലും പത്രങ്ങൾക്ക് തിരുനബി(സ)ന്റെ കാർട്ടൂൺ പ്രസിദ്ധീകരിക്കാൻ ധൈര്യം വരില്ലായിരുന്നു. കുറച്ചു വർഷങ്ങൾക്കു മുൻപ്, ഡൻമാർക്കിലും ഫ്രാൻസിലും കാർട്ടൂൺ പ്രസിദ്ധീകരിച്ചപ്പോൾ ആ സമയത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ശരിയായ നിലയിൽ പ്രതികരിച്ചത്. അവർക്കുമുന്നിൽ തിരുനബി(സ)ന്റെ സുന്ദരമായ ചരിത്രം സമർപ്പിച്ചു. അതുതന്നെയാണ് നമ്മൾ ചെയ്യുന്നത്. ഞങ്ങൾ പറയുന്നു, ഏതാനും തല തിരിഞ്ഞ ആളുകളുടെ ചെയ്തികൾക്ക് ഇസ്‌ലാമിന്റെ പേര് നൽകരുത്. ഒരു രാജ്യത്തേയും പ്രസിഡന്റ്, ഏതെങ്കിലും വ്യക്തിയുടെ ദുഷ്പ്രവൃത്തിയെ ഇസ്‌ലാമിന്റെ പാഠമെന്നും മുസ്‌ലികളുടെ പ്രതിസന്ധിയെന്നും പറഞ്ഞ്, തങ്ങളുടെ ജനങ്ങളെ ഇളക്കിവിടാനും അവരെ തങ്ങൾക്കെതിരെ യുദ്ധത്തിലാക്കാനും തങ്ങൾ യുദ്ധം തുടരുമെന്നു പറയാനും പാടില്ലാത്തതാണ്. അവരെ തെറ്റായനിലയിൽ പ്രേരിപ്പിക്കുന്നതും ഇവർ തന്നെയാണ്.ഹുസൂർ തിരുമനസ്സ് പറയുന്നു: ഞാൻ നേരത്തെ പറഞ്ഞിരുന്നത് പോലെ, കാർട്ടൂൺ ഉണ്ടാക്കി, ഏതെങ്കിലും വിധത്തിൽ തിരുനബി(സ)നെ അവഹേളിക്കുന്നത് ആത്മാഭിമാനമുള്ള ഒരു മുസ്‌ലിമിന് സഹിക്കാൻ കഴിയില്ല. ചില മുസ്‌ലിംകളുടെ വികാരത്തെ അത് ഇളക്കിവിടാൻ സാധ്യതയുണ്ട്. ഇളക്കിവിടുന്നുമുണ്ട്. അങ്ങനെ നിയമവിരുദ്ധമായ കാര്യങ്ങൾ നടത്തുകയും ആരെങ്കിലും നിയമം കയ്യിലെടുക്കുകയും ചെയ്യുകയാണെങ്കിൽ അതിന്റെ ഉത്തരവാദി അമുസ്‌ലിം ലോകം തന്നെയാണ്. ഭരണകൂടങ്ങളാണ്. അതല്ലെങ്കിൽ നാമമാത്ര സ്വാതന്ത്ര്യമാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഏതായിരുന്നാലും ഞങ്ങൾ ഇസ്‌ലാമിനും തിരുനബി(സ)നും എതിരിൽ വരുന്ന എല്ലാ നീക്കങ്ങൾക്കും നിയമത്തിനകത്തുനിന്നുകൊണ്ട് മറുപടി നൽകിയിട്ടുണ്ട്. നൽകുന്നതുമാണ്. അതിന്റെ പ്രഭാവവും ഉണ്ടാകുന്നുണ്ട്. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് എല്ലാ നടപടികളും നമ്മൾ സ്വീകരിക്കണമെന്നതാണ് അതിനുള്ള പോംവഴി. ഏറ്റവും അധികമായി തിരുനബി(സ)ന് മേൽ സ്വലാത്ത് ചൊല്ലണം. ദുആ ചെയ്യണം.

ഹുസൂർ തിരുമനസ്സ് പറയുന്നു,: മുസ്‌ലിം സമുദായം ശാശ്വതമായ പരിഹാരം ആഗ്രഹിക്കുന്നുവെങ്കിൽ മുസ്‌ലിം സമുദായം ഒറ്റക്കെട്ടായി നില്ക്കണം. 54,55 മുസ്‌ലിം രാഷ്ട്രങ്ങൾ ഒന്നിച്ച് ഒരേ സ്വരത്തിൽ പറഞ്ഞിരുന്നുവെങ്കിൽ ഫ്രഞ്ച് പ്രസിഡണ്ട് അങ്ങനെ ഇങ്ങനെ എന്ന് പറഞ്ഞ് നില്ക്കാതെ മാപ്പ് ചോദിച്ച് മുട്ട് മടക്കാൻ നിർബന്ധിതനാകുമായിരുന്നു.

കുറച്ചുകാലം മുമ്പ് ഞാൻ രാഷ്ട്രീയ നേതാക്കൾക്ക് വീണ്ടും കത്തെഴുതിയിരുന്നു. ഏതാനും മാസം മുമ്പ് ഈ കോവിഡ് കാലത്ത് ഞാൻ ഫ്രാൻസ് പ്രസിഡണ്ടിനും എഴുതിയിരുന്നു. അതിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ ശിക്ഷകളും ആപത്തുകളും അല്ലാഹു ഇറക്കാൻ കാരണം അതിക്രമങ്ങളാണെന്നും നിങ്ങൾ ഇത് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണെന്നും അതിക്രമങ്ങൾ അവസാനിപ്പിക്കാനും നീതി നടപ്പാക്കാനും സത്യാധിഷ്ഠമായി പ്രസ്താവന നൽകാനും പറഞ്ഞിരുന്നു. നമ്മൾ നമ്മുടെ കടമകൾ നിറവേറ്റുന്നു. അത് നിറവേറ്റി കൊണ്ടിരിക്കുന്നതുമാണ്. അത് മനസ്സിലാക്കണമോ വേണ്ടയോ എന്നത് ഓരോരുത്തരുടെയും ഇഷ്ടം. ഏതായാലും നമ്മൾ മുസ്‌ലിം സമുദായത്തെ ദുആകളിൽ വിസ്മരിക്കാൻ പാടില്ല. അല്ലാഹു അവർക്ക് തിരുനബി(സ)ന്റെ സത്യദാസനെ തിരിച്ചറിയാൻ തൗഫീഖ് നൽകുമാറാകട്ടെ. ദൈവത്തിൽ നിന്ന് ദൂരെ അകന്നുപോയാൽ നാശമല്ലാതെ മറ്റൊന്നും ഉണ്ടാവുകയില്ലെന്ന് ലോകം പൊതുവായും മനസ്സിലാക്കേണ്ടതാണ്. മൊത്തത്തിൽ ലോകത്തെ, തൗഹീദിനുകീഴിൽ കൊണ്ടുവരാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. തിരുനബി(സ)ന്റെ കൊടിക്കീഴിൽ കൊണ്ടുവരിക തന്നെയാണ് തഹ്‌രീക് ജദീദിന്റെ ലക്ഷ്യം. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ. അതുകൂടാതെ ലോകത്തിന്റെ പൊതുവായ അവസ്ഥക്ക് വേണ്ടിയും ദുആ ചെയ്യുക. ഈ രോഗത്തിൽ നിന്ന് മുക്തരായാൽ മറ്റൊരു വിപത്ത് മഹാലോകയുദ്ധത്തിന്റെ രൂപത്തിൽ ഇറങ്ങാതിരിക്കട്ടെ. അല്ലാഹു ലോകത്തിന് ബുദ്ധിയും വിവേകവും നൽകുകയും അവരുടെ കടമകൾ നിറവേറ്റാൻ കഴിയുകയും ചെയ്യട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 06.11.2020

Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516